പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1816

07/03/2018 ൽ മറുപടിക്ക്

## അവയവമാറ്റ ശസ്ത്രക്രിയ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് ജീവിതകാലം മുഴുവൻ ഉപയോഗിക്കുന്ന മരുന്നുകളുടെ അമിതവില കണക്കിലെടുത്ത് ഇവ നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ; | എ) നോൺ ബീറ്റാലാക്ടം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അവയവ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് വേണ്ട മരുന്നുകൾ ഉൽപാദിപ്പിക്കുന്നത്. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. സിവിൽ വർക്കുകൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മെഷിനറികൾക്കെല്ലാം ഓർഡർ നൽകിക്കഴിയുകയും അത് ഉദ്ദേശം ഒരു മാസത്തിനുള്ളിൽ ഇൻസ്റ്റാൾ ചെയ്യുന്നതുമാണ്. മറ്റ് അനുബന്ധ ഉപകരണങ്ങൾക്കെല്ലാം തന്നെ ഓർഡർ നൽകുകയും പണികൾ നടന്നുവരികയും ചെയ്യുന്നുണ്ട്. 4 മാസത്തിനുള്ളിൽ ഉല്പാദനം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) കഴിഞ്ഞ ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുള്ള 10 കോടി രൂപ എന്തിനെല്ലാമായാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ബി) കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ മെഷിനറികൾക്കും മറ്റ് അനുബന്ധ ചിലവുകൾക്കുമായിട്ടാണ് വിനിയോഗിച്ചത്. |

സെക്ഷൻ ഓഫീസർ